18358
19/6/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ല - പാങ്ങപ്പാറ വില്ലേജിൽ, കേരള ലാന്റ് ഹോംസ് & ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതിയിലുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിനായി റീട്ടയിനിംഗ് വാൾ നിർമ്മാണത്തിനിടെ 05.06.2017-ന് നടന്ന അപകടം - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(കൈയ്യെഴുത്ത്) നം:194/2017/റവ.** **തിരുവനന്തപുരം, തീയതി, 13/06/2017**

---

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ല, പാങ്ങപ്പാറ വില്ലേജിൽ, കേരള ലാന്റ് ഹോംസ് ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതിയിലുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിനായി റീട്ടയിനിംഗ് വാൾ നിർമ്മാണത്തിനിടെ 05.06.2017-ന് വൈകുന്നേരം 3 മണിയോടെ മണ്ണ് ഇടിഞ്ഞ് വീണ് മരണപ്പെട്ട നാല് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (മലയാളിയായ വട്ടപ്പാറ വേങ്ങോട് സ്വദേശി ഉണ്ണികൃഷ്ണൻ (26), ബീഹാർ സ്വദേശികളായ ഹർനാദ് ബർമ്മൻ(27), ഭജൻ ബർമ്മൻ(20), സപൻ ബർമ്മൻ(28) രണ്ട് ലക്ഷം രൂപ വീതവും (ആകെ 8 ലക്ഷം രൂപ) ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വേങ്ങോട് സ്വദേശി സുദർശനന് അൻപതിനായിരം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി **8,50,000/- രൂപ (എട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **<u>തിരുവനന്തപുരം ജില്ലാ കളക്ടർക്ക്</u>** അനുവദിക്കേണ്ടതും കളക്ടർ ടി തുക അടിയന്തിരമായി നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

3. ഇക്കാര്യത്തിൽ ബിൽഡർ/കോൺട്രാക്ടറിൽ നിന്നും ദുരന്തത്തിന് ഇരയായവരുടെ/കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന കാര്യം ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-06-2017

ഇനം നം: 1106

O.A.

വിഷയം : റവന്യു വകുപ്പ് - തിരുവനന്തപുരം ജില്ല, പാങ്ങപ്പാറ വില്ലേജിൽ, കേരള ലാന്റ് ഹോംസ് & ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിനായി റീട്ടയിനിംഗ് വാൾ നിർമ്മാണത്തിനിടെ 05.06.2017-ന് നടന്ന അപകടം - സഹായം അനുവദിക്കുന്നത്.

തീരുമാനം : 1. തിരുവനന്തപുരം ജില്ല, പാങ്ങപ്പാറ വില്ലേജിൽ, കേരള ലാന്റ് ഹോംസ് & ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിനായി റീട്ടയിനിംഗ് വാൾ നിർമ്മാണത്തിനിടെ 05.06.2017-ന് വൈകുന്നേരം 3 മണിയോടെ മണ്ണ് ഇടിഞ്ഞ് വീണ് മരണപ്പെട്ട നാല് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (മലയാളിയായ വട്ടപ്പാറ വേങ്ങോട് സ്വദേശി ഉണ്ണികൃഷ്ണൻ (26), ബീഹാർ സ്വദേശികളായ ഹർനാഥ് ബർമ്മൻ (27), ഭജൻ ബർമ്മൻ (20), സപൻ ബർമ്മൻ (28)) രണ്ട് ലക്ഷം രൂപ വീതവും (ആകെ എട്ട് ലക്ഷം രൂപ) ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വേങ്ങോട് സ്വദേശി സുദർശനന് അൻപതിനായിരം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

ഇക്കാര്യത്തിൽ ബിൽഡർ/കോൺട്രാക്ടറിൽ നിന്നും ദുരന്തത്തിന് ഇരയായവരുടെ/കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന കാര്യം ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

2. പ്രസ്തുത നിർമ്മാണത്തിൽ സുരക്ഷാ നടപടികൾ പാലിച്ചിരുന്നോ എന്ന കാര്യത്തിൽ അന്വേഷണം നടത്താനും സുരക്ഷാ നടപടികൾ പാലിക്കാത്തത് മൂലമാണ് അപകടമുണ്ടായത് എങ്കിൽ നിയമാനുസൃതമുള്ള കർശന നടപടികൾ സ്വീകരിക്കുവാനും തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

3. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൻകിട നിർമ്മാണങ്ങളിൽ സുരക്ഷാ നടപടികൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**OA**

*(08.06.2017)*

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. തിരുവനന്തപുരം ജില്ലയിൽ, പാങ്ങപ്പാറ വില്ലേജിൽ, കേരള ലാന്റ് ഹോംസ് & ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിനായി റീട്ടയിനിംഗ് വാൾ നിർമ്മാണ ത്തിനിടെ 05.06.2017-ന് വൈകുന്നേരം 3 മണിയോടെ മണ്ണ് ഇടിഞ്ഞ് ജോലിയിൽ ഏർപ്പെട്ടിരുന്ന 5 തൊഴിലാളികൾ അപകടത്തിൽപ്പെട്ടു. ബീഹാർ സ്വദേശികളായ മൂന്ന് തൊഴിലാളികളും മലയാളിയായ ഒരു തൊഴിലാളിയും ഉൾപ്പെടെ നാല് തൊഴിലാളികൾ മരണപ്പെടുകയും ഒരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. പരിക്കേറ്റയാൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയി ലാണ്. ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**മരണമടഞ്ഞവർ**

ബീഹാർ സ്വദേശികളായ ഹർനാദ് ബർമ്മൻ (27), ഭജൻ ബർമ്മൻ (20), സപൻ ബർമ്മൻ (28), മലയാളിയായ വട്ടപ്പാറ വേങ്ങോട് സ്വദേശി ഉണ്ണികൃഷ്ണൻ (26)

**ഗുരുതരമായി പരിക്കേറ്റത്**

വേങ്ങോട് സ്വദേശി സുദർശനൻ

### തീരുമാനിക്കേണ്ട കാര്യം

അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റയാൾക്ക് 50,000/- രൂപയും അനുവദി ക്കാമോ?